# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 25.06.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) പതിനെട്ടാം ലോക് സഭയുടെ രണ്ടാം സമ്മേളന ദിനത്തിലും അംഗങ്ങളുടെ സത്യപ്രതിജ്ഞ തുടരുന്നു.

The swearing-in of members continues on the second session day of the 18th Lok Sabha.

2) ലോക് സഭ സ്പീക്കർ സ്ഥാനത്തേക്ക് ഓം ബിർളയുടെ പേര് നിർദ്ദേശിച്ച് എൻഡിഎ. കൊടിക്കുന്നിൽ സുരേഷിനെ സ്പീക്കർ സ്ഥാനാർത്ഥിയായി നിർദ്ദേശിച്ച് പ്രതിപക്ഷം .

Om Birla will be the NDA nominee for the Lok Sabha Speaker, while Opposition INDIA bloc has fielded Congress MP K. Suresh for the post.

3) നീറ്റ്-യുജി ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് സിബിഐ പ്രത്യേക സംഘം അഞ്ച് കേസുകൾ ഏറ്റെടുത്തു.

The Central Bureau of Investigation (CBI) has taken over five cases to investigate the alleged irregularities in the NEET-UG examinations.

4) ടി.പി.ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികളുടെ ശിക്ഷാ ഇളവുമായി ബന്ധപ്പെട്ട അടിയന്തര പ്രമേയത്തിന് സ്പീക്കർ അനുമതി നിഷേധിച്ചതിൽ പ്രതിപക്ഷ പ്രതിഷേധം; കേരള നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു.

Accused in T.P.Chandrasekaran murder case
Opposition protests over the Speaker's denial of permission for an emergency motion related to commutation of sentence; Kerala Legislative Assembly adjourned for today.

5.) ട്വന്റി-20 പുരുഷ ലോകകപ്പ് ക്രിക്കറ്റ് സെമി ഫൈനലിൽ ഇന്ത്യ ഇംഗ്ലണ്ടിനെയും അഫ്ഘാനിസ്ഥാൻ ദക്ഷിണാഫ്രിക്കയെയും നേരിടും.

$$$$$$$$$$$$$$$$$$$$$

**HEADLINE-1**

**PARLIAMENT**

പതിനെട്ടാം ലോക് സഭയുടെ രണ്ടാം സമ്മേളന ദിനമായ ഇന്ന് ,പുതുതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ തുടരുന്നു. ഇന്നലെ പ്രധാനമന്ത്രി നരേന്ദ്ര മോദി , കേന്ദ്രമന്ത്രിമാരായ രാജ്നാഥ് സിംഗ്, അമിത് ഷാ, നിതിൻ ഗഡ്കരി, ശിവരാജ് സിംഗ് ചൗഹാൻ, പിയൂഷ് ഗോയൽ, ഉൾപ്പെടെ തിരഞ്ഞെടുക്കപ്പെട്ട 266 എംപിമാർ സത്യപ്രതിജ്ഞ ചെയ്തു. രാഹുൽ ഗാന്ധി ഉൾപ്പെടെയുള്ള അംഗങ്ങൾ ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. രാഷ്ട്രപതി ദ്രൗപദി മുർമു പാർലമെന്റിന്റെ ഇരുസഭകളുടെയും സംയുക്ത സമ്മേളനത്തെ മറ്റന്നാൾ അഭിസംബോധന ചെയ്യും. മറ്റന്നാൾ രാജ്യസഭാ സമ്മേളനത്തിനും തുടക്കമാകും. അടുത്ത മാസം മൂന്നുവരെയാണ് പാർലമെന്റ് സമ്മേളനം.

$$$$$$$$$$$$$$$$$$$$$

**HEADLINE-2**

**SPEAKER – LS**

പതിനെട്ടാം ലോക് സഭ സ്പീക്കർ സ്ഥാനത്തേക്ക് ഓം ബിർളയുടെ പേര് നിർദ്ദേശിച്ച് എൻഡിഎ. മാവേലിക്കരയിൽ നിന്നുള്ള എം.പി കൊടിക്കുന്നിൽ സുരേഷിനെ പ്രതിപക്ഷം സ്പീക്കർ സ്ഥാനാർത്ഥിയായി നിർദ്ദേശിച്ചു. നാളെയാണ് ലോക് സഭാ സ്പീക്കർ തിരഞ്ഞെടുപ്പ്.

$$$$$$$$$$$$$$$$$$$$$

**HEADLINE-3**

**CBI NEET**

നീറ്റ്-യുജി ചോദ്യപേപ്പർ ചോർച്ചയിൽ സിബിഐ പ്രത്യേക സംഘം ബിഹാർ, ഗുജറാത്ത്, രാജസ്ഥാൻ എന്നിവിടങ്ങളിൽ രജിസ്റ്റർ

ചെയ്തിട്ടുള്ള അഞ്ച് കേസുകൾ ഏറ്റെടുത്തു. ഗുജറാത്ത്, ബിഹാർ സംസ്ഥാനങ്ങളിൽ രജിസ്റ്റർചെയ്ത ഓരോ കേസും രാജസ്ഥാനിൽ നിന്ന് മൂന്ന് കേസുകളും മാണ് സി ബിഐ ഏറ്റെടുത്തത്. മഹാരാഷ്ട്രയിലെ ലാത്തൂരിൽ രജിസ്റ്റർ ചെയ്ത മറ്റൊരു കേസ് കൂടി സിബിഐ ഏറ്റെടുക്കുമെന്നാണ് സൂചന. ഇന്നലെയാണ് കേസിൽ സിബിഐ അന്വേഷണം ആരംഭിച്ചത്. ഈ മാസം നാലിന് NEET-UG ഫലം പ്രഖ്യാപിച്ചപ്പോൾ 720 മാർക്ക് നേടി 67 വിദ്യാർത്ഥികൾ ഒന്നാമതെത്തിയതിനെ തുടർന്നാണ് ഇതുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ പുറത്തുവന്നത്.

$$$$$$$$$$$$$$$$$$$$$$

## NEET COUNCIL-MEETING

നാഷണൽ ടെസ്റ്റിംഗ് ഏജൻസിയുടെ പ്രവർത്തനങ്ങൾ വിലയിരുത്താനും മെച്ചപ്പെടുത്താനും രൂപീകരിച്ച ഉന്നതതല സമിതിയുടെ ആദ്യ യോഗം ഇന്നലെ ചേർന്നു. നീറ്റ് പരീക്ഷാനടത്തിപ്പുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുമുള്ള ആശങ്ക അകറ്റുക എന്നതിനാണ് പ്രഥമ പരിഗണന നൽകുന്നതെന്ന് യോഗതീരുമാനങ്ങൾ വ്യക്തമാക്കിക്കൊണ്ട് സമിതി തലവനും ഐ എസ് ആർ ഒ മുൻ ചെയർമാനുമായ കെ രാധാകൃഷ്ണൻ . രാജ്യത്ത് ഫലപ്രദമായതും , കുറ്റമറ്റതും വിദ്യാർത്ഥി സൗഹൃതവുംമായ പരീക്ഷാരീതി കൊണ്ടുവരാനാണ് ഉദ്ദേശ്യമെന്നും അദ്ദേഹം പറഞ്ഞു .

$$$$$$$$$$$$$$$$$$$$$$

## NEET-UG SCAM

രാജ്യത്തെ പരീക്ഷകളുടെ വിശ്വാസ്യത നിലനിർത്താൻ കേന്ദ്ര സർക്കാർ ശക്തമായ നടപടികളാണ് സ്വീകരിക്കുന്നതെന്ന് യുജിസി ചെയർമാൻ മമിദാല ജഗദേഷ് കുമാർ. മത്സര പരീക്ഷകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാവരും വിദ്യാർത്ഥികളുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധരാണെന്ന് യുജിസി ചെയർമാൻ ആകാശവാണി വാർത്തകളോട് പറഞ്ഞു. നീറ്റ്-യുജി പരീക്ഷയുമായി ബന്ധപ്പെട്ട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

$$$$$$$$$$$$$$$$$$$$$$

## PM-EMERGENCY

1975ലെ അടിയന്തരാവസ്ഥക്കെതിരെ ശബ്ദമുയർത്തിയ എല്ലാ മഹത്‌വ്യക്തികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ആദരവ് അർപ്പിച്ചു. അടിയന്തരാവസ്ഥ കാലത്തു സംഭവിച്ച ഭരണ ഘടനാ ലംഘനങ്ങളും മൂ ല്യ ശോഷണവും ഈ ദിവസം ഓർമപ്പെടുത്തുന്നു വെന്നും അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു . അടിയന്തരാവസ്ഥയുടെ 49 ആം വാർഷികമാണ് ഇന്ന്.

$$$$$$$$$$$$$$$$$$$$$

## ISO MEETING

64-ാമത് ഇന്റർനാഷണൽ ഷുഗർ ഓർഗനൈസേഷൻ കൗൺസിൽ യോഗം ഇന്ന് ന്യൂഡൽഹിയിൽ ആരംഭിച്ചു. സമ്മേളനത്തിടനുബന്ധിച്ച് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന ശില്പശാല കേന്ദ്ര മന്ത്രി പ്രാൽഹാദ് ജോഷി ഉത്ഘാടനം ചെയ്തു. പഞ്ചസാര, ജൈവ ഇന്ധന മേഖലകളിലെ നിർണായക വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 30-ലധികം രാജ്യങ്ങളിൽ നിന്നുള്ള അന്തരാഷ്ട്ര സംഘടനകളുടെ പ്രതിനിധികളാണ് യോഗത്തിൽ പങ്കെടുക്കുന്നത്.

$$$$$$$$$$$$$$$$$$$$$

## JHARKHAND MAOISTS ARREST

നിരോധിത മാവോയിസ്റ്റ് ഗ്രൂപ്പായ തൃതീയിൽ പ്രവർത്തിക്കുന്ന ഏഴ് പേർ ജാർഖണ്ഡിലെ ലത്തേഹാർ ജില്ലയിൽ അറസ്റ്റിലായി. ഇച്ചാബറിൽ കസ്റ്റഡിയിൽ എടുത്ത ഇവരിൽ നിന്ന് നാടൻ തോക്കുകളും ലഘുലേഖകളും പിടിച്ചെടുത്തു.

$$$$$$$$$$$$$$$$$$$$$

## US-KENYA

കെനിയയെ മുഖ്യ NATO- ഇതര കക്ഷിയായി പ്രഖ്യാപിച്ച് അമേരിക്ക. കെനിയൻ പ്രസിഡൻറ് വില്യം റൂട്ടോ കഴിഞ്ഞ മാസം യുടെ അമേരിക്ക സന്ദർശിച്ചപ്പോഴാണ് അമേരിക്കൻ പ്രസിഡൻറ് ജോ ബൈഡൻ ഇതു

സംബന്ധിച്ച തീരുമാനാം കൈക്കൊണ്ടത് . യു എസ് നിയമപ്രകാരം വിദേശപങ്കാളികൾക്ക് പ്രതിരോധ വ്യവസായം , സുരക്ഷാ സഹകരണം തുടങ്ങിയ മേഖലകളിൽ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്ന പദവിയാണിതെന്ന് വൈറ്റ് ഹൌസ് പുറത്തിറക്കിയ പത്രികയിൽ പറയുന്നു .

$$$$$$$$$$$$$$$$$$$$$$

## HEADLINE-4

## ASSEMBLY

പ്രതിപക്ഷ ബഹളം രൂക്ഷമായതിനെ തുടർന്ന് കേരള നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു. ടി.പി.ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികളുടെ ശിക്ഷാ ഇളവുമായി ബന്ധപ്പെട്ട് പ്രതിപക്ഷം കൊണ്ടു വന്ന അടിയന്തര പ്രമേയ നോട്ടീസിന് സ്പീക്കർ അനുമതി നിഷേധിച്ചതിനെ തുടർന്നായിരുന്നു പ്രതിഷേധം. പ്രതിപക്ഷത്ത് നിന്ന് കെ കെ രമയാണ് അടിയന്തര പ്രമേയ അവതരണത്തിന് അനുമതി തേടിയത്. പ്രതികൾക്ക് ശിക്ഷാ ഇളവ് നൽകുന്നത് സംബന്ധിച്ച നീക്കം സർക്കാരിന്റെ ഭാഗത്തു നിന്ന് ഉണ്ടായിട്ടില്ലെന്ന് സ്പീക്കർ പറഞ്ഞു. അടിയന്തര പ്രാധാന്യമുള്ള വിഷയമല്ലാത്തതിനാൽ നോട്ടീസ് നിരസിക്കുകയാണെന്നും അദ്ദേഹം അറിയിച്ചു. എന്നാൽ, അംഗത്തിന് വിഷയം സബ്മിഷനായി സഭയിൽ അവതരിപ്പിക്കാമെന്നും സ്പീക്കർ വ്യക്തമാക്കി. സർക്കാർ പറയേണ്ട മറുപടി സ്പീക്കർ പറഞ്ഞത് അനൗചിത്യമാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആരോപിച്ചു. പ്രതിപക്ഷം മുദ്രാവാക്യം വിളികളുമായി നടുത്തളത്തിലിറങ്ങി പ്രതിഷേധിക്കുന്നതിനിടെ സ്പീക്കർ മറ്റ് സഭാ നടപടികളിലേക്ക് കടന്നു. എന്നാൽ ബഹളം രൂക്ഷമായതിനെ തുടർന്ന് സഭ പിരിയുകയായിരുന്നു.

$$$$$$$$$$$$$$$$$$$$$$

## RAIN - KERALA

കേരളത്തിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. എറണാകുളം മുതൽ വയനാട് വരെയുള്ള ഏഴു ജില്ലകളിൽ മഞ്ഞ ജാഗ്രതയും നിലവിലുണ്ട്. വെള്ളിയാഴ്ച വരെ കേരളം, കർണ്ണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

$$$$$$$$$$$$$$$$$$$$$$

**HEADLINE-5**

**T20 World Cup 2024**

ട്വന്റി-20 പുരുഷ ലോകകപ്പ് ക്രിക്കറ്റ് സെമി ഫൈനലിലേക്ക് യോഗ്യത നേടി ഇന്ത്യ. ഇന്നലെ നടന്ന സൂപ്പർ 8 മത്സരത്തിൽ ഓസ്ട്രേലിയയെ 24 റൺസിന് പരാജയപ്പെടുത്തിയാണ് ഇന്ത്യ സെമിയിലെത്തിയത്. അതേസമയം ഇന്ന് നടന്ന മത്സരത്തിൽ ബംഗ്ലാദേശിനെതിരെ 8 റൺസ് ജയം നേടിയ അഫ്ഘാനിസ്ഥാൻ സെമിഫൈനലിലേക്ക് യോഗ്യത നേടി. ഇതോടെ ഓസ്ട്രേലിയ ടൂർണമെന്റിൽ നിന്ന് പുറത്തായി. വ്യാഴാഴ്ച നടക്കുന്ന സെമിഫൈനലിൽ അഫ്ഘാനിസ്ഥാൻ ദക്ഷിണാഫ്രിക്കയെയും, ഇന്ത്യ ഇംഗ്ലണ്ടിനെയും നേരിടും.

$$$$$$$$$$$$$$$$$$$$$$

**UEFA FOOTBALL**

യുഏഫ യൂറോപ്യൻ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ കഴിഞ്ഞ ദിവസം ഗ്രൂപ്പ് ബിയിൽ നിന്ന് നോക്കൗട്ട് ഘട്ടത്തിൽ സ്ഥാനം ഉറപ്പിച്ച് സ്പെയിനും ഇറ്റലിയും. അൽബേനിയയെ 1-0ന് തോൽപ്പിച്ചാണ് സ്പെയിൻ മൂന്നാം വിജയം നേടിയത്. അതേസമയം, ക്രൊയേഷ്യയോട് ഇറ്റലി 1-1ന് സമനില വഴങ്ങിയെങ്കിലും മികച്ച ഗോൾ വ്യത്യാസത്തിൽ നോക്കൗട്ടിലേക്ക് കടന്നു. ഗ്രൂപ്പ് ഡിയിൽ ഫ്രാൻസ് പോളണ്ടിനെയും, നെതർലൻഡ്സ് ഓസ്ട്രിയയെയും നേരിടും. ഗ്രൂപ്പ് സിയിലെ മത്സരത്തിൽ ഡെന്മാർക്ക് സെർബിയയുമായി ഏറ്റുമുട്ടും.

$$$$$$$$$$$$$$$$$$$$$$

**JD-U National Executive**

ജെഡിയു ദേശീയ എക്സിക്യൂട്ടീവ് സമിതി പാർട്ടി അധ്യക്ഷനും ബീഹാർ മുഖ്യമന്ത്രിയുമായ നിതീഷ് കുമാറിൻറെ അധ്യക്ഷതയിൽ ശനിയാഴ്ച യോഗം ചേരും. ലോക്സഭാ തെരഞ്ഞെടുപ്പിലെ പാർട്ടിയുടെ പ്രകടനം
ചർച്ച ചെയ്യുന്നതോടൊപ്പം വരും വർഷത്തെ നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പദ്ധതികളും ചർച്ചയാകാനും നിർണായക തീരുമാനങ്ങൾക്കും സാധ്യത .

$$$$$$$$$$$$$$$$$$$$$$

## NAVAL DAY

ഇന്ന് അന്താരാഷ്ട്ര നാവിക ദിനം. ലോകമെമ്പാടുമുള്ള സമുദ്ര സഞ്ചാരികൾ അന്താരാഷ്ട്ര സമുദ്ര വ്യാപാരത്തിനും ആഗോള സമ്പദ്വ്യവസ്ഥയ്ക്കും നൽകിയ അതുല്യമായ സംഭാവനകൾ കണക്കിലെടുത്താണ് ദിനാചരണം സംഘടിപ്പിക്കുന്നത്. നാവിക മേഖലയെ സുരക്ഷിത തൊഴിലിടമാക്കി മാറ്റുന്നതിൽ നാവികരുടെ പ്രാധാന്യമാണ് ഇത്തവണത്തെ ദിനാചരണം ചർച്ച ചെയ്യുന്നത്.

$$$$$$$$$$$$$$$$$$$$$$

## SENSEX

രാജ്യത്ത് ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 230 പോയിൻറ് ഉയർന്നു 77,5 82 ലും , ദേശിയ ഓഹരി സൂചിക നിഫ്റ്റി 52 പോയിൻറ് നേട്ടത്തിൽ 23,590 ലും വ്യാപാരം തുടരുന്നു.

$$$$$$$$$$$$$$$$$$$$$$

## LIC

എൽ ഐ സി പോളിസികൾ സറണ്ടർ ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രചാരണങ്ങളിൽ വിശദീകരണവുമായി ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ. പോളിസികൾ സറണ്ടർ ചെയ്യുന്നതിന് പകരം നിലവിലുള്ള പോളിസി ഉടമകളുടെ കൈവശമുള്ള പോളിസികൾ ഏറ്റെടുക്കുമെന്ന തരത്തിൽ ചില സ്ഥാപനങ്ങൾ പ്രചാരണം നടത്തിയിരുന്നു. അത്തരത്തിലുള്ള ഏതെങ്കിലും സ്ഥാപനവുമായോ, അവർ വാഗ്ദാനം ചെയ്യുന്ന ഉല്പന്നങ്ങളോ സേവനങ്ങളുമായോ എൽ ഐ സി ക്ക് ബന്ധമില്ലെന്ന് കോർപ്പറേഷൻ വ്യക്തമാക്കി. ഇത്തരം പ്രചാരങ്ങളിൽ

$$$$$$$$$$$$$$$$$$$$$$

## JAWAN

ഛത്തിസ്ഗഢിൽ മാവോയിസ്റ്റ് ആക്രമണത്തിൽ വീരമൃത്യു വരിച്ച തിരുവനന്തപുരം സ്വദേശിയായ സിആർപിഎഫ് ജവാൻ ആർ.വിഷ്ണുവിൻറെ മൃതദേഹം ജന്മ നാട്ടിൽ എത്തിച്ചു.

കുടുംബ വീട്ടിലും നന്ദിയോട് ജംഗ്ഷനിലും ഭൗതിക ശരീരം പൊതു ദർശനത്തിന് വെച്ചു. നൂറുകണക്കിന് ആളുകൾ അന്ത്യാഞ്ജലി അർപ്പിക്കാൻ എത്തി.

അല്പസമയത്തിനകം ഔദ്യോഗിക ബഹുമതികളോടെ സംസ്കാരം നടക്കും.

$$$$$$$$$$$$$$$$$$$$$$

**SIVANKUTTY – PLUS ONE**

കേരളത്തിലെ പ്ലസ് വൺ സീറ്റ് പ്രതിസന്ധിയിൽ വിവിധ വിദ്യാർത്ഥി സംഘടനകളുമായി വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി ഇന്ന് ചർച്ച നടത്തും. വിദ്യാർത്ഥി സംഘടനകൾ നൽകിയ നിവേദനങ്ങൾ പരിഗണിച്ചാണ് ചർച്ച നടത്തുന്നത്. അതേസമയം, വിഷയത്തിൽ പ്രതിഷേധം തുടരുകയാണ്.

$$$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$$$$$$$